"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധനാറിപ്പോർട്ട്- തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂർ സോണൽ ഓഫീസിലെ ക്രമക്കേടുകളിൽ അന്വേഷണം നടത്തുന്നത്- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.73/2021/വിജി തീയതി,തിരുവനന്തപുരം, 09/06/2021

---

പരാമർശം:- 1 വിജിലൻസ് ഡയറക്ടറുടെ 13.03.2020തീയതിയിലെ ഇ11(എസ്.സി.83/19/റ്റിഎസ്ആർ) 41967/19 നമ്പർ കത്ത്

2 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂർ യൂണിറ്റ്-ന്റെ 13.12.2019 തീയതിയിലെ എസ്.സി.83/19/റ്റിഎസ്ആർ-നമ്പർ മിന്നൽ പരിശോധനാറിപ്പോർട്ട്

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂർ സോണൽ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളിൽ കാലതാമസം, സർട്ടിഫിക്കറ്റുകൾ യഥാവിധി പരിശോധിക്കുന്നില്ല, പെർമിറ്റ് അനുവദിച്ചതിൽ ക്രമക്കേട് എന്നിവ കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പ്രാഥമികാന്വേഷണം നടത്തുന്നതിന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ വിശദമായി അന്വേഷിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊച്ചി നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർ, കൊച്ചി (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ